

013-935

Rl no 650

013-935

# മലപ്പട്ടം ഗ്രാമപഞ്ചായത്ത്
# സമഗ്ര വിവര ശേഖരണ പരിപാടി

2007 സപ്തമ്പർ 1-4

# പഠന റിപ്പോർട്ട്

മലപ്പട്ടം ഗ്രാമപഞ്ചായത്ത്

&

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്

കണ്ണൂർ


സാമ്പത്തിക
"വിവര ശേഖരണം
സമഗ്ര സാമൂഹ്യ സാമ്പത്തിക
മലപ്പട്ടം





013-935

# മലപ്പട്ടം ഗ്രാമപഞ്ചായത്ത്
# സമഗ്ര വിവരശേഖരണ പരിപാടി
## 2007 സപ്തംബർ 1-4

# പഠന റിപ്പോർട്ട്

മലപ്പട്ടം ഗ്രാമപഞ്ചായത്ത്
&
സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്
കണ്ണൂർ

അച്ചടി : കോ-ഓപ്പ്:പ്രസ്സ്, കണ്ണൂർ-2
ഫോൺ : 2704648

## KANNUR DISTRICT



# കണ്ണൂർ ജില്ല

### ഏരിയ
2966 ച.കി.മി.

### താലൂക്കുകൾ
1. തളിപ്പറമ്പ
2. കണ്ണൂർ
3. തലശ്ശേരി

### മുനിസിപ്പാലിറ്റികൾ
1. പയ്യന്നൂർ
2. തളിപ്പറമ്പ
3. കണ്ണൂർ
4. തലശ്ശേരി
5. കൂത്തുപറമ്പ
6. മട്ടന്നൂർ

### ബ്ലോക്ക് പഞ്ചായത്തുകൾ
1. പയ്യന്നൂർ
2. തളിപ്പറമ്പ
3. കണ്ണൂർ
4. എടക്കാട്
5. തലശ്ശേരി
6. കൂത്തുപറമ്പ
7. പേരാവൂർ
8. ഇരിട്ടി
9. ഇരിക്കൂർ

### ഗ്രാമപഞ്ചായത്തുകൾ


### തളിപ്പറമ്പ താലൂക്ക്
1. രാമന്തളി
2. കരിവെള്ളൂർ-പെരളം
3. കങ്കോൽ-ആലപ്പടമ്പ
4. എരമം-കുറ്റൂർ
5. പെരിങ്ങോം - വയക്കര
6. ചെറുപുഴ
7. ആലക്കോട്
8. ചപ്പാരപ്പടവ്
9. ഉദയഗിരി
10. നടുവിൽ
11. കുറുമാത്തൂർ
12. പരിയാരം
13. പട്ടുവം
14. ചെങ്ങളായി
15. ശ്രീകണ്ഠപുരം
16. ഏരുവേശ്ശി
17. പയ്യാവൂർ
18. പടിയൂർ-കല്യാട്
19. ഉളിക്കൽ
20. ഇരിക്കൂർ
21. മലപ്പട്ടം
22. മയ്യിൽ
23. കൊളച്ചേരി
24. കുറ്റ്യാട്ടൂർ

### കണ്ണൂർ താലൂക്ക്
1. കടന്നപ്പള്ളി-പാണപ്പുഴ
2. കുഞ്ഞിമംഗലം
3. മാടായി
4. ഏഴോം
5. ചെറുകുന്ന്
6. മാട്ടൂൽ
7. ചെറുതാഴം
8. കണ്ണപുരം
9. കല്ല്യാശ്ശേരി
10. പാപ്പിനിശ്ശേരി
11. അഴിക്കോട്
12. വളപട്ടണം
13. ചിറക്കൽ
14. നാറാത്ത്
15. പുഴാതി
16. പള്ളിക്കുന്ന്
17. എളയാവൂർ
18. ചേലോറ
19. മുണ്ടേരി
20. എടക്കൽ
21. ചെമ്പിലോട്
22. അഞ്ചരക്കണ്ടി
23. പെരളശ്ശേരി
24. കടമ്പൂർ
25. മുഴപ്പിലങ്ങാട്

### തലശ്ശേരി താലൂക്ക്
1. കൂടാളി
2. കീഴല്ലൂർ
3. കീഴൂർ-ചാവശ്ശേരി
4. പായം
5. അയ്യൻകുന്ന്
6. ആറളം
7. കൊട്ടിയൂർ
8. കേളകം
9. കണിച്ചാർ
10. പേരാവൂർ
11. മുഴക്കുന്ന്
12. തില്ലങ്കേരി
13. മാലൂർ
14. കോളയാട്
15. ചിറ്റാരിപ്പറമ്പ്
16. മാങ്ങാട്ടിടം
17. മൊകേരി
18. പാട്ട്യം
19. കുന്നോത്തുപറമ്പ
20. ത്രിപ്പങ്ങോട്ടൂർ
21. വേങ്ങാട്
22. പിണറായി
23. കോട്ടയം-മലബാർ
24. കതിരൂർ
25. എരഞ്ഞോളി
26. ധർമ്മടം
27. ന്യൂ മാഹി
28. ചൊക്ലി
29. പന്ന്യന്നൂർ
30. പാനൂർ
31. പെരിങ്ങളം
32. കരിയാട്

| ആകെ വില്ലേജുകൾ | 129 |
|---|---|
| 1. തളിപ്പറമ്പ താലൂക്ക് - | 47 |
| 2. കണ്ണൂർ താലൂക്ക് - | 34 |
| 3. തലശ്ശേരി താലൂക്ക് - | 48 |

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്
## വാർഡ് തിരിച്ചുള്ള ഭൂപടം




1. കൊളന്ത
2. അടൂർ
3. അടുവാപ്പുറം(നോർത്ത്)
4. അടുവാപ്പുറം (സൗത്ത്)
5. കരിമ്പിൽ
6. തലക്കോട് (ഈസ്റ്റ്)
7. തലക്കോട് (വെസ്റ്റ്)
8. മലപ്പട്ടം(ഈസ്റ്റ്)
9. മലപ്പട്ടം(വെസ്റ്റ്)
10. പൂക്കണ്ടം
11. കൊവ്വന്തല
12. അടിച്ചേരി

പഞ്ചായത്ത് അതിര്
വാർഡ് അതിര്
പ്രധാന റോഡുകൾ
അമ്പലം
പള്ളി



**വി.എസ്.അച്യുതാനന്ദൻ**
മുഖ്യമന്ത്രി, കേരളം


ഫോൺ | ഓഫീസ് : 2333812
2333682
ഫാക്സ് : 0471-2333489

സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം-695001


# സന്ദേശം

മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ കാർഷിക-കാർഷികേതര വിവരങ്ങൾ ഉൾപ്പെടെ പഞ്ചായത്തിന്റെ ആസൂത്രണത്തിന് ആവശ്യമായ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷം.

വിവിധ മേഖലകളിലെ സമഗ്ര വികസനത്തിന് രൂപം നൽകാൻ റിപ്പോർട്ട് സഹായകമാവട്ടെ എന്നാശംസിക്കുന്നു.

**വി.എസ്.അച്യുതാനന്ദൻ**

ഫോൺ { ഓഫീസ് : 2327796, 2327895
വസതി : 2312326, 2313295

തിരുവനന്തപുരം-695001



**പാലൊളി മുഹമ്മദ്കുട്ടി**
**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി**

# സന്ദേശം

കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്ത് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടു കൂടി ശേഖരിച്ച അടിസ്ഥാന സ്ഥിതിവിവര കണക്കുകൾ ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ജനകീയാസൂത്രണം നടപ്പാക്കിയതോടു കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളാവുകയും അധികാരവും സമ്പത്തും ലഭിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ജനങ്ങൾ ആസൂത്രണ പ്രകിയയിൽ പങ്കാളികളായി മാറി. ഒരു പ്രദേശത്തിന്റെ വികസന പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ അടിസ്ഥാന സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കേണ്ടത് വളരെ അത്യാവശ്യമാണ്. മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ കാർഷികവും കാർഷികേതരവുമായ കാര്യങ്ങളെ സംബന്ധിച്ചു സമഗ്രമായ പഠനം നടത്തി ശേഖരിച്ച വിവരങ്ങൾ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് സഹായകരമാവട്ടെയെന്നാശംസിക്കുന്നു.

പാലൊളി മുഹമ്മദ് കുട്ടി

ജയപ്രഭ നഗർ
കണ്ണോത്തുംചാൽ. റോഡ്
കണ്ണൂർ-670 002



**കെ.കെ.നാരായണൻ**
പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്, കണ്ണൂർ

ഫോൺ { ഓഫീസ് : 0497-2700306
0497-2700205
വീട് : 0497-2706352 }
മൊബൈൽ : 9447776155

# സന്ദേശം

മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ കാർഷിക കാർഷികേതര വിവരങ്ങളെ സംബന്ധിച്ച് സമഗ്ര പഠനം നടത്തി പഞ്ചായത്തിന്റെ ആസൂത്രണത്തിന് ആവശ്യമായ സ്ഥിതി വിവര ശേഖരണം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായ ത്തോടെ തയ്യാറാക്കി എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ക്രോഡീ കരിച്ച ഈ സർവ്വേ റിപ്പോർട്ട് മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്കും വികസനത്തിനും സഹായകരമായിത്തീരട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം ഈ സദുദ്യമത്തിന് വേണ്ടി പ്രവർത്തിച്ച മുഴുവൻ ആളുകളെയും സ്ഥാപനങ്ങളെയും അനുമോദിക്കുകയും ചെയ്യുന്നു

വിശ്വസ്തതയോടെ,

കെ.കെ.നാരായണൻ

Secretariat
Thiruvananthapuram-695001

Office : 0471 - 2333174
0471 - 2518455

Resi : 0471 - 2470730
0471 - 2333174

E-mail:prlsecy@lsg.kerala.gov.in



**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

# സന്ദേശം

കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം മുന്നിൽകണ്ട് പഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ സാങ്കേതിക സഹായത്തോടു കൂടി നടത്തിയ സമഗ്ര വിവരശേഖരണ പരിപാടിയുടെ ക്രോഡീകരിച്ച റിപ്പോർട്ട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷവും അഭിനന്ദനവും അറിയിക്കുന്നു.

നാടിന്റെ സർവ്വതോന്മുഖമായ വികസനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായി മാറിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളുമായി മാറിക്കൊണ്ടിരിക്കുകയാണ്. സന്തുലിതവും സമഗ്രവുമായ വികസനത്തിന് പഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തെ ഭൂരിഭാഗം പഞ്ചായത്തുകളും ഇത്തരത്തിലുള്ള സ്ഥിതിവിവര കണക്കുകളുടെ അഭാവംമൂലം പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ സമഗ്ര വിവരശേഖരണ പരിപാടിയുമായി മുന്നോട്ട് വന്ന മലപ്പട്ടം ഗ്രാമപഞ്ചായത്ത് ഭരണസമിതിയേയും സർവ്വെ പ്രവർത്തനത്തിന് നേതൃത്വം നൽകിയ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ജീവനക്കാരെയും ഇതുമായി സഹകരിച്ച മുഴുവൻ നാട്ടുകാരെയും ഹാർദ്ദവമായി അഭിനന്ദിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ മറ്റു പഞ്ചായത്തുകൾക്കും മാതൃകയാവട്ടെയെന്നും ആശംസിക്കുന്നു.

**എസ്.എം.വിജയാനന്ദ്, ഐ.എ.എസ്.**
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്



**എം.ആർ.ബാലകൃഷ്ണൻ**
ഡയറക്ടർ

Phone

| | | |
|---|---|---|
| Office | : | 0471-2305318 |
| Resi | : | 0471-2332831 |
| Mob | : | 9447115318 |
| Fax | : | 0471-2305318 |

E-mail: Dir@ecostatikerala.org

Department of Economics & Statistics
Thiruvananthapuram

# സന്ദേശം

കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സാങ്കേതിക സഹായത്തോടു കൂടി 2007 സപ്തമ്പർ 1,2,3,4 തീയ്യതികളിൽ നടത്തിയ സമഗ്ര വിവരണ ശേഖരണ പരിപാടിയുടെ ക്രോഡീകരിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കു ന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറിക്കഴിഞ്ഞ ഈ കാലഘട്ടത്തിൽ നാടിന്റെ പുരോഗതിക്കും വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സ്ഥിതിവിവരക്കണക്കുകൾ അത്യന്താ പേക്ഷിതമാണ്. ഈയൊരു സാഹചര്യത്തിൽ മലപ്പട്ടം പഞ്ചായത്തിന്റെ സമഗ്ര വിവരശേഖരണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വകുപ്പിലെ മുഴുവൻ ജീവന ക്കാരെയും അഭിനന്ദിക്കുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാവട്ടെയെന്നും ആശംസിക്കുന്നു.

സൂക്ഷ്മതല ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഈ ഉദ്യമത്തിന് നേതൃത്വം നൽകിയ കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.എൻ.രാമകൃഷ്ണനെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഈ റിപ്പോർട്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങൾ നിറവേറ്റാൻ സഹായകരമാകട്ടെയെന്നും പഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്ക് ഉതകുന്നതായി തീരട്ടെയെന്നും ആശംസിക്കുന്നു.

എം.ആർ.ബാലകൃഷ്ണൻ

ഫോൺ ഓഫീസ് : 0497-2700243

ടെലിഫാക്സ് | ഓഫീസ് : 0497-2704243
| വസതി : 0497-2700242



**ഇഷിത റോയ്, I.A.S.**
**ജില്ലാ കലക്ടർ & ജില്ലാ മജിസ്ട്രേറ്റ്**
**കണ്ണൂർ**

# സന്ദേശം

മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ മാർഗനിർദ്ദേശത്തോടെ 2007 സപ്തംബറിൽ നടത്തിയ സമഗ്ര വിവര ശേഖരണ പരിപാടിയുടെ ക്രോഡീകരിച്ച റിപ്പോർട്ട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നുവെന്നത് വളരെ അഭിനന്ദനാർ ഹമാണ്.

പദ്ധതി രൂപീകരണവും നടപ്പാക്കലും ഗ്രാമപഞ്ചായത്തിന്റെ പ്രാഥമിക ചുമതലയായ ഈ കാലഘട്ടത്തിൽ അടിസ്ഥാന സ്ഥിതി വിവരക്കണക്കുകൾ വളരെ അത്യാവശ്യമായി തീർന്നിരിക്കുന്നു.

ജില്ലാതല ആസൂത്രണം വളരെ ഗൗരവമായ ചർച്ചകൾക്കും സംവാദങ്ങൾക്കും ഇടയാകുന്ന ഈ സന്ദർഭത്തിൽ വിവിധ മേഖലകളിലെ അടിസ്ഥാന വിവരങ്ങളാൽ സമ്പുഷ്ടമായ ഈ പഠന റിപ്പോർട്ട് മലപ്പട്ടം പഞ്ചായത്തിന്റെ പുത്തൻ വികസന സങ്കൽപങ്ങൾക്ക് മുതൽക്കൂട്ടാവട്ടെയെന്ന് ആശംസിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ ജില്ലയിലെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാതൃകയാക്കി പ്രാദേശിക ആസൂത്രണ പ്രക്രിയ കൂടുതൽ ശാസ്ത്രീയവും ഫലപ്രദവുമായി നടപ്പിൽ വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം ഈ സംരംഭത്തിന് നേതൃത്വം നൽകിയ പഞ്ചായത്ത് ഭരണസമിതയേയും സർവ്വേ പ്രവർത്തനം നടത്തിയ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരേയും സന്നദ്ധ പ്രവർത്തകരെയും വിശിഷ്യാ ഈ പ്രവർത്തനവുമായി ആത്മാർത്ഥമായി സഹകരിച്ച മുഴുവൻ ജനങ്ങളെയും ഹാർദ്ദമായി അഭിനന്ദിക്കുന്നു.

**ജില്ലാ കലക്ടർ**
**കണ്ണൂർ**


# പഞ്ചായത്ത് ഭരണസമിതി



കെ.സി.അനിൽകുമാർ (പ്രസിഡണ്ട്)



കെ.കെ.ഗോപാലൻ
(വൈസ് പ്രസിഡണ്ട്)



എ.നാരായണൻ
(ചെയർമാൻ, വികസന
കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)



വി.വി.മോഹനൻ
(ചെയർമാൻ, ക്ഷേമകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി)



ഇ.ചന്ദ്രൻമാസ്റ്റർ



കെ.ഉണ്ണികൃഷ്ണൻ



കെ.ലളിതകുമാരി




കെ.സുധാമണി



കെ.വി.പത്മാവതി



എം.പി.ജയൻ



കെ.പി.സദാനന്ദൻ



കെ.വി.ശ്യാമള

## മുൻ പ്രസിഡണ്ടുമാർ

| | | | |
|---|---|---|---|
| എ.കുഞ്ഞിക്കണ്ണൻ | 1954-1961 | കെ.വി.ഗോവിന്ദൻ മാസ്റ്റർ | 1980-1988 |
| എ.കുഞ്ഞിക്കണ്ണൻ | 1961-1968 | ടി.കെ.ഗോവിന്ദൻ മാസ്റ്റർ | 1988-1995 |
| എ.കുഞ്ഞിക്കണ്ണൻ | 1968-1970 | കെ.എം.പാർവ്വതി ടീച്ചർ | 1995-2000 |
| കെ.ടി.ശിവദാസ് | 1970-1980 | കെ.സി.അനിൽകുമാർ | 2000-2005 |

# ഉള്ളടക്കം


മുഖക്കുറിപ്പ് ........................................................................ 17

ആമുഖം........................................................................ 19

മലപ്പട്ടം ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ........................................ 22

ജനസംഖ്യ–വീട്–കുടുംബം........................................................ 25

കൃഷി........................................................................ 43

മൃഗസംരക്ഷണം–മത്സ്യബന്ധനം................................................ 65

ഊർജ്ജം,വ്യവസായം,വാണിജ്യം–പൊതുവിതരണം.................................. 71

കുടിവെള്ളം........................................................................ 77

ആരോഗ്യം........................................................................ 83

വിദ്യാഭ്യാസം–സംസ്കാരം........................................................ 95

ഗതാഗതം–വാർത്താവിനിമയം.................................................. 107

ബാങ്കിംഗ് സ്ഥാപനങ്ങൾ–സാമ്പത്തിക വികസനം.................................... 115

തൊഴിൽ–ഗ്രാമവികസനം, പലവക.................................................. 125

അനുബന്ധം........................................................................ 134

# മുഖക്കുറിപ്പ്

അധികാര വികേന്ദ്രീകരണ പ്രക്രിയ ആരംഭിച്ചതോടു കൂടി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറിക്കഴിഞ്ഞു. 1996 മുതൽ കേരള സർക്കാർ അധികാരവും സമ്പത്തും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ലോകത്തിനു തന്നെ മാതൃകയായ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുകയും ചെയ്തതോടു കൂടി വികസന രംഗത്ത് അഭൂതപൂർവ്വമായ മാറ്റങ്ങ ൾക്കാണ് നമ്മുടെ ഗ്രാമങ്ങൾ സാക്ഷ്യം വഹിച്ചത്.

വികസന പ്രക്രിയയുടെ ആസൂത്രണത്തിന് അടിത്തട്ടിൽ തുടക്കമായതോടെ അടിസ്ഥാന സ്ഥിതി വിവരക്കണക്കുകളുടെ ആവശ്യവും പ്രാധാന്യവും വളരെയേറെ വർദ്ധിച്ചു.

ആസൂത്രണത്തിനും നിർവ്വഹണത്തിനും ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും അത് ആസൂത്രകർക്ക് ലഭ്യമാക്കുകയും ചെയ്യുന്ന സർക്കാർ ഏജൻസി ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പാണ്. എന്നാൽ ഏറ്റവും താഴെത്തട്ടിൽ കൃത്യമായ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കുന്നതിൽ ഇന്ന് വകുപ്പിന് ഒട്ടേറെ പരിമിതികൾ അനുഭവപ്പെടുന്നുണ്ട്.

ഈയൊരു സാഹചര്യത്തിലാണ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ മേൽനോട്ടത്തിലും സാങ്കേതിക സഹായത്തോടെയും മലപ്പട്ടം പഞ്ചായത്തിലെ കാർഷിക കാർഷികേതര വിഭവങ്ങളെ സംബന്ധിച്ച സമഗ്രമായ പഠനം ലക്ഷ്യം വയ്ക്കുന്നതും പഞ്ചായത്തിന്റെ ആസുത്രണത്തിന് ആവശ്യമായ മുഴുവൻ സ്ഥിതി വിവരക്കണക്കുകളും ലഭ്യമാക്കുന്നതുമായ ഒരു പ്രവർത്തനം ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തത്. കേരളത്തിൽ ഇദംപ്രഥമമായ ഈ സംരംഭത്തെ രണ്ടു കൈയും നീട്ടിയാണ് മലപ്പട്ടത്തെ ജനങ്ങൾ സ്വീകരിച്ചത്.

2007 ജൂലൈ 19ന് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയരക്ടറുടെ നേതൃത്വത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥരും പഞ്ചായത്ത് പ്രസിഡണ്ട്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും സംയുക്ത ആലോചനാ യോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ചചെയ്യുകയും ഒരു പ്രൊജക്ട് തയ്യാറാക്കപ്പെടുകയും ചെയ്തു. തുടർന്ന് ഇതിന്റെ സാങ്കേതിക കാര്യങ്ങൾ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക് വകുപ്പും മറ്റ് പ്രവർത്തനങ്ങൾ പഞ്ചായത്തും ഏറ്റെടുത്തു. ആഗസ്ത് 4-ന് പഞ്ചായത്ത് ഹാളിൽ ചേർന്ന പഞ്ചായത്ത്തല സംഘാടക സമിതി യോഗത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സന്നദ്ധസംഘടനാ പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഗ്രന്ഥശാലാ പ്രതിനിധികൾ, മറ്റു പൗര പ്രമുഖർ തുടങ്ങി 150 ഓളം പേർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.സി. അനിൽകുമാർ ചെയർമാനും ശ്രീ. മലപ്പട്ടം പ്രഭാകരൻ കൺവീനറുമായി വിപുലമായ ഒരു സംഘാടക സമിതിക്ക് രൂപം നൽകി. തുടർന്ന് വാർഡ്തല സംഘാടക സമിതികൾ രൂപീകരിക്കുകയും വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുകയും ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ 100-ലധികം വരുന്ന ഉദ്യോഗസ്ഥർക്കും അവരെ സഹായിക്കുന്നതിന് പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത 400-ഓളം വരുന്ന സന്നദ്ധപ്രവർത്തകർക്കും പരിശീലനം നൽകുകയും ചെയ്തു. പഞ്ചായത്തിനെ 40-50 ഏക്കർ വരുന്ന 100 ക്ലസ്റ്ററുകളായി വിഭജിച്ച് ഓരോ ഉദ്യോഗസ്ഥർക്ക് ചുമതല നൽകുകയും അവരെ സഹായിക്കാൻ 3-4 വീതം വരുന്ന സന്നദ്ധപ്രവർത്തകരെ നിയോഗിക്കുകയും ചെയ്തു. ഓരോ വാർഡിൽ നിന്നും ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എന്യൂമറേറ്റർമാരുടെ സഹായത്തോടെ പൂർണ്ണമായും ജനപങ്കാളിത്തത്തോടു കൂടി സപ്തംബർ 1, 2, 3, 4 തീയ്യതികളിൽ ഫീൽഡ്തല വിവര ശേഖരണം നടത്തി. ആഗസ്ത് 31-ന് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, രാഷ്ട്രീയ - ട്രേഡ് യൂനിയൻ സാമൂഹ്യ സാംസ്കാരിക സംഘടനാ പ്രവർത്തകർ ഉൾപ്പെടെ നൂറ് കണക്കിന് ആളുകൾ പങ്കെടുത്ത വർണ്ണശബളമായ ഘോഷയാത്രയോടെയാണ് വിവര ശേഖരണ പരിപാടിക്ക് തുടക്കം കുറിച്ചത്. തുടർന്ന് മലപ്പട്ടം സെൻട്രലിൽ ചേർന്ന പൊതുസമ്മേളനം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. പി.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തതോടെ മലപ്പട്ടം പഞ്ചായത്ത് സമഗ്ര വിവര ശേഖരണ പരിപാടിക്ക് ഔപചാരികമായി

തുടക്കമായി.

വളരെയേറെ ആവേശത്തോടെയാണ് ഈ പ്രവർത്തനവുമായി ജനങ്ങൾ സഹകരിച്ചത്. പുറമെ നിന്നെത്തിയ ഉദ്യോഗസ്ഥർക്ക് താമസ സൗകര്യം നൽകുകയും ഭക്ഷണമെത്തിച്ചുകൊടുക്കുകയും ആവശ്യമായ മറ്റെല്ലാവിധ സൗകര്യങ്ങളും ഒരുക്കികൊടുക്കുകയും ചെയ്ത് ഈ വിവര ശേഖരണ പരിപാടി ഒരു ജനകീയ പ്രവർത്തനമായി ജനങ്ങൾ മാറ്റിയെടുത്തു. പഞ്ചായത്തിലെ 400-ലധികം പേർ 4 ദിവങ്ങളിലായി നടന്ന ഈ സർവ്വേ പ്രവർത്തനത്തിൽ നേരിട്ട് പങ്കാളികളായി. ഭൂമിയേയും കൃഷിയേയും മണ്ണിനേയും മനുഷ്യരേയും തൊഴിലിനേയും തുടങ്ങി സമസ്ത മേഖലകളേയും സ്പർശിക്കുന്ന വിവര ശേഖരണ പരിപാടി സപ്തംബർ 4-ന് വൈകീട്ട് പൂർത്തിയായി.

വിവര ശേഖരണം പൂർത്തിയായതിന് ശേഷം ആറ് മാസത്തിലധികം സമയമെടുത്താണ് റിപ്പോർട്ട് ക്രോഡീകരിച്ചത്. മുന്നനുഭവങ്ങളോ മാതൃകകളോ ഇല്ലാത്ത ഇത്തരത്തിലുള്ള സമഗ്രമായൊരു വിവര ശേഖരണ പരിപാടി വിജയകരമായി പൂർത്തിയാക്കുന്നതിന് ഞങ്ങളോട് സഹകരിച്ച ഉദ്യോഗസ്ഥർ, രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നേതാക്കൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്കും വിശിഷ്യാ ഈ വിവര ശേഖരണ പരിപാടിക്ക് നേതൃത്വം നൽകിയ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എൻ. രാമകൃഷ്ണൻ ഉൾപ്പെടെയുള്ള വകുപ്പുദ്യോഗസ്ഥർക്കും വിവരങ്ങൾ ക്രോഡീകരിക്കാനുള്ള സോഫ്റ്റ്വെയർ രൂപ കല്പന ചെയ്ത സ്റ്റാറ്റിസ്റ്റിക് വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ് ശ്രീ. എം.എ.നന്ദസൂനുവിനും ഞങ്ങളുടെ കടപ്പാടും നന്ദിയും പ്രത്യേകം രേഖപ്പെടുത്തുന്നു.

പ്രചരണത്തിനും മറ്റ് പരിപാടികൾക്കും സാമ്പത്തിക സഹായം ചെയ്തു തന്ന കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, മലപ്പട്ടം സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളോടും സാങ്കേതിക സഹായം നൽകിയ റവന്യൂ വകുപ്പിലെ ജീവനക്കാർ എല്ലാവിധ പിന്തുണയും നൽകിയ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, വായനശാലകൾ, കുടുംബശ്രീകൾ, സ്വാശ്രയ സംഘങ്ങൾ തുടങ്ങിയവയ്ക്കും നന്ദി രേഖപ്പെടുത്തുന്നു.

പരിമിതമായ വിഭവശേഷിക്കകത്തു നിന്നുകൊണ്ട് ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിന് പഞ്ചായത്ത് ഭരണമിതിക്ക് സഹായകമാകുന്ന നിരവധി വിവരങ്ങളാണ് ഈ സർവ്വേ പ്രവർത്തനത്തിലൂടെ ലഭ്യമായിട്ടുള്ളത്. കൃഷി, വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ ദ്രുതഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ തിരിച്ചറിയാനും അതിനനുസരിച്ച് വിവിധ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകാനും ഈ സർവ്വേ റിപ്പോർട്ട് സഹായകമാവുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. മലപ്പട്ടം പഞ്ചായത്തിന്റെ സമഗ്രപുരോഗതിക്കും വികസനത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ രൂപകൽപന ചെയ്യാൻ സഹായകമാവുന്ന ഈ വിവര ശേഖരണ പരിപാടിയുടെ ക്രോഡീകരിച്ച റിപ്പോർട്ട് സാദിമാനം ഞങ്ങൾ ജനങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

**കെ.സി. അനിൽകുമാർ**

പ്രസിഡണ്ട്

മലപ്പട്ടം ഗ്രാമപഞ്ചായത്ത്

മലപ്പട്ടം

31-3-2008

# ആമുഖം

കണ്ണൂർ ജില്ലയുടെ മദ്ധ്യഭാഗത്തായി ഏതാണ്ട് ഒരു തുരുത്ത് പോലെ നിൽക്കുന്ന ഭൂപ്രദേശമാണ് മലപ്പട്ടം പഞ്ചായത്ത്. മലപ്പട്ടമെന്ന പേര് വരാനുണ്ടായ കാരണം ചരിത്ര രേഖകളിലൊന്നുമില്ല. മഹാഭാരതത്തിലെ മഹിഷാസുരൻ നിർമ്മിച്ച പട്ടണമാണിതെന്നും 'മഹിഷപട്ടണം' ലോപിച്ച് മലപ്പട്ടമായതാണെന്നുമാണ് ഒരു വാദം. മലയടിവാരത്ത് പട്ടണമുണ്ടായ സ്ഥലം 'മലപ്പട്ടണം' ലോപിച്ച് മലപ്പട്ടമായതെന്നടക്കമുള്ള വാദങ്ങളുമുണ്ട്.

എ.ഡി.1000-നും 1500-നുമിടയിൽ മൂഷിക രാജാക്കന്മാരിലൊരാളായ ശ്രീകണ്ഠൻ ശ്രീകണ്ഠപുരം സ്ഥാപിച്ചപ്പോൾ തൊട്ടടുത്ത മലപ്പട്ടം ശ്രീകണ്ഠരാജാവിന്റെ അധീനതയിലായിരുന്നു. ബ്രാഹ്മണ മേധാവിത്വം നിലനിന്ന ഒരു പ്രദേശമായിരുന്നു ഇത്. സ്ഥലനാമങ്ങൾ തന്നെ ബ്രാഹ്മണ മേധാവിത്വത്തിന്റെ ഉദാഹരണങ്ങളാണ്. ബ്രാഹ്മണർക്ക് പുറമെ അവരുടെ പല്ലക്ക് ചുമക്കാനും ഗൃഹങ്ങളും ഗൃഹോപകരണങ്ങളും നിർമ്മിക്കാനും അവരെ പരിചരിക്കുന്നതടക്കമുള്ള അടിമപ്പണികൾക്കും ക്ഷേത്ര നിർമ്മാണത്തിനുമാണ് മറ്റ് വിവിധ ജാതിക്കാർ മലപ്പട്ടത്തേക്ക് കടന്നെത്തിയത്.

14 ാം നൂറ്റാണ്ടിലാണ് ഇസ്ലാം മതം മലപ്പട്ടത്തേക്ക് വന്നത്. കച്ചവടത്തിനായി കോലത്തുനാട്ടിലെത്തിയ അറബികൾ ശ്രീകണ്ഠപുരത്ത് താവളമുറപ്പിച്ച വഴിയാണ് ഈ മത വിഭാഗക്കാർ ഇവിടങ്ങളിൽ ഉണ്ടായത്. ഏറ്റവും സമീപ കാലത്ത് 1960-കളിൽ മാത്രമാണ് ക്രിസ്തീയ വിഭാഗക്കാർ മലപ്പട്ടത്ത് കടന്നു വന്നത്.

മലപ്പട്ടത്തിന്റെ ആധുനിക ചരിത്രം സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിന്റെ ചരിത്രം കൂടിയാണ്. 1930-കളിൽ തന്നെ മലപ്പട്ടത്ത് ദേശീയ പ്രസ്ഥാനത്തിന്റെ വിത്തു പാകി. അടിമത്തത്തിൽ കഴിഞ്ഞ ജനങ്ങളെ കർഷക പ്രസ്ഥാനത്തിൽ പങ്കാളികളാക്കി സാമ്രാജ്യത്ത്വത്തിനെതിരെ പ്രതികരിക്കാനും പ്രക്ഷോഭം നടത്തിക്കാനുമുള്ള ശ്രമം ആദ്യ കാലഘട്ടത്തിൽ തന്നെ മലപ്പട്ടത്ത് നടന്നിരുന്നു. 1946-ൽ 2-ാം ലോക മഹായുദ്ധത്തെ തുടർന്നുണ്ടായ ഭക്ഷ്യക്ഷാമ കാലഘട്ടത്തിൽ ജന്മികൾ പൂഴ്ത്തി വെച്ച നെല്ല് പിടിച്ചെടുക്കുന്ന പ്രക്ഷോഭത്തിൽ മലപ്പട്ടവും പ്രധാന പങ്ക് വഹിക്കയുണ്ടായി. സാമ്രാജ്യത്ത്വ ജന്മി നാടുവാഴിത്തത്തിനെതിരെ നടന്ന സംഘടിത സമരങ്ങൾ ഭരണാധികാരികൾക്കെതിരെ ചെറുത്ത് നില്പ് പോരാട്ടങ്ങളായി വികസിച്ചതിന്റെ സമ്പന്നമായ ഒരു പൈതൃകം മലപ്പട്ടത്തിന്നവകാശപ്പെടാനുണ്ട്.

ഒന്നര നൂറ്റണ്ടിന് മുമ്പ് തന്നെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം മലപ്പട്ടത്ത് ആരംഭിക്കുകയുണ്ടായി. രാമർഗുരു സ്ഥാപിച്ച ഇന്നത്തെ ആർ.ജി.എം. സ്കൂൾ എന്ന വിദ്യാലയം ബ്രിട്ടീഷ് ഗവൺമെന്റ് മലബാറിൽ ആദ്യമായി അംഗീകരിച്ച 24 സ്കൂളുകളിൽ ഒന്നായിരുന്നു. 1930-കളിൽ സാംസ്കാരിക പ്രവർത്തനങ്ങളും മലപ്പട്ടത്ത് സജീവമായി. 1936-ൽ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ പൂക്കണ്ടത്ത് ആദ്യത്തെ വായനശാല സ്ഥാപിച്ചു കൊണ്ടാണ് ഇതിന് തുടക്കമിട്ടത്.

1956 നവംബർ 1-നാണ് കേരള സംസ്ഥാനം രൂപീകൃതമായതെങ്കിലും 1954-ൽ തന്നെ മലപ്പട്ടം പഞ്ചായത്തിൽ ഭരണ സമിതി നിലവിൽ വന്നിരുന്നു. ആ ഭരണ സമിതി 1961 വരെ തുടർന്നു. പഞ്ചായത്ത് പുനഃസംഘടനയുടെ ഭാഗമായി 1961-ൽ ഇരിക്കൂർ-മലപ്പട്ടം പഞ്ചായത്തുകൾ സംയോജിക്കപ്പെട്ടു. 1968-ൽ വീണ്ടും വിഭജിക്കപ്പെട്ടതിനെ തുടർന്നാണ് ഇന്നത്തെ മലപ്പട്ടം പഞ്ചായത്ത് നിലവിൽ വന്നത്. 1968-ൽ രണ്ടാമത്തേയും, 1975-ൽ മൂന്നാമത്തെയും 80-ൽ 4-ാമത്തെയും 88-ൽ 5-ാമത്തെതും 95-ൽ 6-ാമത്തെയും 2000-ൽ 7-ാമത്തെയും ഭരണ സമിതികൾ നിലവിൽ വന്നു. ഇപ്പോൾ നിലവിലുള്ള 8-ാമത്തെ ഭരണ സമിതി 2005 ഒക്ടോബർ മാസത്തിലാണ് അധികാരമേററത്. ശ്രീ. കെ.സി. അനിൽകുമാർ പ്രസിഡണ്ടായ ഈ ഭരണ സമിതിയിൽ സർവ്വശ്രീ.കെ.കെ.ഗോപാലൻ(വൈസ് പ്രസിഡണ്ട്), എ.നാരായണൻ (ചെയർമാൻ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി), വി.വി.മോഹനൻ(ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) എന്നിവരാണ് മറ്റു ഭാരവാഹികൾ.

1957-ൽ നിലവിൽ വന്ന ആദ്യ പഞ്ചായത്ത് ബോർഡിന്റെ ആസ്ഥാനം അടിച്ചേരിയായിരുന്നു. പഞ്ചായത്ത് സംയോജനത്തെ തുടർന്ന് 1961-ൽ ആസ്ഥാനം ഇരിക്കൂറിലെ പെരുവളത്ത്പറമ്പിലായിരുന്നു. 1968-ൽ വീണ്ടും മലപ്പട്ടം പഞ്ചായത്ത് നിലവിൽ വന്നപ്പോൾ ആസ്ഥാനം പൂക്കണ്ടമായിരുന്നു. 1971 - ലാണ് മലപ്പട്ടം പറമ്പിൽ പുതിയ പഞ്ചായത്ത് ആസ്ഥാനം നിലവിൽ വന്നത്.

മൂന്നു ഭാഗവും പുഴകളാൽ ചുറ്റപ്പെട്ട 19.30 ച.കി.മീ. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് അടുത്ത കാലം വരെ വികസനപ്രവർത്തനങ്ങൾ ഏറെയൊന്നും കടന്നുവരാതിരുന്ന ഒരു പ്രദേശമായിരുന്നു. എന്നാൽ 12 വാർഡുകളായി 9897 പേർ അധിവസിക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങളുടെ ദീർഘകാല ആവശ്യമായിരുന്ന മലപ്പട്ടം മുനമ്പ് പാലം യാഥാർത്ഥ്യമായതോടു കൂടി ജില്ലാ തലസ്ഥാനവുമായും അതുവഴി പുറം ലോകവുമായുള്ള ബന്ധം ഏറെ വർദ്ധിക്കുകയും വിവിധ മേഖലകളിൽ അതിനനുസരിച്ചുള്ള മാറ്റം ദൃശ്യമാവുകയും ചെയ്തിട്ടുണ്ട്. വാഹന ഗതാഗതത്തിന്റെ കാര്യത്തിലും വാർത്താവിനിമയ സൗകര്യങ്ങളുടെ കാര്യത്തിലുമൊക്കെ ഈ മാറ്റം ദൃശ്യമാണ്.

കണ്ണൂർ ജില്ലയിലെ മറ്റേതൊരു ഉൾനാടൻ പഞ്ചായത്തിനെ പോലെ തന്നെ മലപ്പട്ടം പഞ്ചായത്തും ഒരു കാർഷിക പ്രധാനമായ പഞ്ചായത്താണ്. ഭക്ഷ്യോല്പാദന രംഗത്ത് കേരളം മൊത്തത്തിലും കണ്ണൂർ ജില്ല വിശേഷിച്ചും നേരിടുന്ന പ്രതിസന്ധി ഈ പഞ്ചായത്തിലുമുണ്ട്. കാർഷികോല്പാദനം ഓരോ വർഷവും കുറഞ്ഞു വരികയാണ്. വ്യാവസായിക മേഖലയിലും സ്ഥിതി വ്യത്യസ്തമല്ല. ചെങ്കൽപണകൾ മാത്രമാണ് വ്യത്യസ്തമായ അനുഭവം. മറ്റ് ജില്ലകളിലും പഞ്ചായത്തുകളിലുമെന്ന പോലെ സേവന മേഖല തന്നെയാണ് ഇവിടെയും വികസിച്ചുകൊണ്ടിരിക്കുന്നത്.

ഉയർന്ന പ്രദേശങ്ങളിൽ വെട്ടുകൽ മണ്ണും നദീ തീരങ്ങളിൽ എക്കൽ മണ്ണും കാണപ്പെടുന്ന ഈപ്രദേശത്ത് മണ്ണിന്റെ ഫലഭൂയിഷ്ടത മണ്ണൊലിപ്പിന്റെയും വന നശീകരണത്തിന്റെയും ഫലമായി വളരെയധികം കുറഞ്ഞിട്ടുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ 15 മുതൽ 20 മീറ്റർ വരെ ആഴത്തിലും താഴ്വാരങ്ങളിൽ 5 മുതൽ 10 മീറ്റർ വരെ ആഴത്തിലും ജലം ലഭിക്കുന്നു. മഴക്കാലത്ത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കവും വേനലിൽ ഉയർന്ന പ്രദേശങ്ങളിൽ കടുത്ത വരൾച്ചയും അനുഭവപ്പെടുന്നുണ്ട്.

നഗരവല്ക്കരിക്കപ്പെടുന്ന ഏതൊരു പഞ്ചായത്തിനെയും പോലെ തന്നെ ഇവിടുത്തെ വൈവിദ്ധ്യമാർന്ന സമ്പത്തും വന്യമൃഗസമ്പത്തും നാശോന്മുഖമാണ്. കശുമാവിൻ തോട്ടങ്ങൾ ചെങ്കൽപ്പണകളായി മാറ്റുന്നതും ചെങ്കൽപ്പണകളുടെ വർദ്ധനവും പുതിയ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വീടും കൂടും നഷ്ടപ്പെടുന്ന കുരങ്ങന്മാർ സമതലങ്ങളിൽ വന്ന് നടത്തുന്ന കൃഷി നശീകരണം ഇവയുടെ പാർശ്വഫലങ്ങൾ തന്നെ

1930 ഹെക്ടർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിലെ പ്രധാന കൃഷി നെല്ലായിരുന്നു. എന്നാൽ മറ്റ് പഞ്ചായത്തുകളിലെന്നപോലെ നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞു വരുന്ന പ്രവണത ഇവിടെയും കാണാം. മറ്റ് കാർഷിക വിളകളിലേക്കുള്ള മാറ്റവും കെട്ടിട നിർമ്മാണമുൾപ്പെടെയുള്ള മറ്റ് കാർഷികേതര ആവശ്യങ്ങൾക്കായി ഭൂമി മാറ്റുന്നതിന്റെ തുടക്കമെന്ന നിലയിൽ നെൽകൃഷിസ്ഥലം തരിശിടുന്ന പ്രവണതയും സജീവമാണ്. കൃഷി ലാഭകരമല്ലെന്ന തോന്നലിനൊപ്പം വെള്ളക്കെട്ടും, വില സ്ഥിരത ഇല്ലാത്തതും കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവുമാണ് ഇതിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. പച്ചക്കറി കൃഷിയും കുറഞ്ഞു വരുന്ന പ്രവണത തന്നെയാണ് കാണുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ പ്രാദേശിക ആവശ്യങ്ങളുടെയും സാദ്ധ്യതകളുടെയും അടിസ്ഥാനത്തിൽ കൃഷി സമ്പ്രദായങ്ങളുടെ വൈവിദ്ധ്യവൽക്കരണവും പുതിയ കൃഷി രീതികളുടെ പരീക്ഷണവും അടക്കമുള്ള ശക്തമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. അവശേഷിക്കുന്ന നെൽ വയലുകൾ നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് പ്രഥമ ബാദ്ധ്യതയായി മാറണം. തരിശ് ഭൂമി പാട്ടത്തിനെടുത്തും കൃഷിയിടങ്ങൾ പാട്ടത്തിന് നൽകാൻ തയ്യാറാകുന്നവരുടെ കൃഷിഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കപ്പെടേണ്ടതുണ്ട്. പഞ്ചായത്തിലെ സജീവമായ കുടുംബശ്രീ യൂനിറ്റുകൾ ഈ കാര്യത്തിൽ പ്രധാനപ്പെട്ട ഒരു സാധ്യതയാണ്. കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ അയൽക്കൂട്ടങ്ങൾ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന പ്രവർത്തനങ്ങൾ നന്നായി പ്രോത്സാഹിപ്പിക്കപ്പെടണം. ചെറിയ പുരയിടങ്ങൾ ഉള്ളവരും മറ്റ് ജോലികളിൽ വ്യാപൃതരായിരിക്കുകയും കൃഷി ഭൂമി പാട്ടത്തിന് നൽകാൻ സന്നദ്ധരായിരിക്കുകയും

ചെയ്യുന്ന കൃഷിക്കാർ ഏറെയുള്ള പഞ്ചായത്തിൽ ഭൂരഹിതരായുള്ള പാവങ്ങൾക്കും ചെറുകിട ഭൂ ഉടമകൾക്കും ഒരുപോലെ പ്രയോജനം ചെയ്യുന്ന ഇത്തരം സംരംഭങ്ങൾ വലിയ ഒരു അനുഗ്രഹമായിരിക്കും. ഒപ്പം കർഷക തൊഴിലാളികളുടെ ദൗർലഭ്യവും വെള്ളക്കെട്ടും പരിഹരിക്കാനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്.

യാതൊരു പുരോഗതിയില്ലെന്ന് മാത്രമല്ല തകർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന മറ്റൊരു മേഖലയാണ് കന്നുകാലി വളർത്തൽ. പരിമിതമായ എണ്ണം കന്നുകാലികളേ ഈ പഞ്ചായത്തിലുള്ളൂ. ഇതിന്റെ ഫലമായി പാലുത്പാദനം കുത്തനെ കുറയുകയാണ്. കോഴി വളർത്തലിന്റേയും കോഴിയിറച്ചി ഉൽപാദനത്തിന്റേയും കാര്യത്തിലും സ്ഥിതി വ്യത്യമല്ല. കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭങ്ങളുമായി മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ബന്ധിപ്പിക്കുകയാണെങ്കിൽ നിശ്ചയമായും വലിയനേട്ടം കൈവരിക്കാൻ സാധിക്കും.

മത്സ്യോല്പാദനത്തിന്റെ കാര്യത്തിലും മത്സ്യ സമ്പത്തിന്റെ കാര്യത്തിലും 3 പുഴകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ പഞ്ചായത്തിന്റെ ശ്രദ്ധ കുറേ കൂടി ആവശ്യമാണ്.

പരമ്പരാഗത വ്യവസായങ്ങളോ, ആധുനിക വ്യവസായങ്ങളോ ഈ പഞ്ചായത്തിൽ കാര്യമായിട്ടില്ല. സൂക്ഷ്മ സംരംഭങ്ങളിലുള്ള തൊഴിൽ, പ്രത്യേകിച്ച് സേവന മേഖലയിൽ വർദ്ധിച്ചു വരുന്നുണ്ടെങ്കിലും ഉത്പാദന മേഖലയിൽ തൊഴിൽ വർദ്ധനവൊന്നും തന്നെ ഉണ്ടാവുന്നില്ല. ചെങ്കൽ ക്വാറികൾ ഒഴിച്ചു നിർത്തിയാൽ മറ്റ് മേഖലയൊന്നും തന്നെ കാര്യമായിട്ടില്ല. ആകെ തൊഴിൽ മേഖലയിൽ 1212 പേർ തൊഴിൽ രഹിതരോ തൊഴിലന്വേഷകരോ ആണ്.

തൊഴിൽ മേഖലയിൽ നിർമ്മാണ തൊഴിലാളികൾക്കാണ് മുൻതൂക്കം. കാർഷിക മേഖലയിൽ നിന്നും മറ്റു മേഖലയിൽ നിന്നുമായി നിർമ്മാണ മേഖലയിലേക്കുള്ള മാറ്റം വളരെ പ്രകടമാണ്. അതോടൊപ്പം സർക്കാർ-അർദ്ധ സർക്കാർ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ഇവിടെ കൂടുതലാണ്. സൗകര്യങ്ങൾ കുറവാണെങ്കിലും വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങൾ ആദ്യ കാലം മുതൽ തന്നെ ഇവിടെ സജീവമായി ശ്രദ്ധിക്കപ്പെട്ടിരുന്നു എന്നത് വളരെ വ്യക്തമാണ്. തൊഴിലിനുള്ള പ്രാധാന്യം വർദ്ധിപ്പിക്കുകയും ആവശ്യമായ വിദഗ്ദ്ധ പരിശീലനം നല്കുന്നതിനും സംവിധാനമുണ്ടാക്കുകയും വേണം.

രണ്ടു പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഒരു ഹയർ സെക്കന്ററി സ്കൂളും, ഒരു ഹൈസ്കൂളും, ഒരു യു.പി സ്കൂളും, നാല് എൽ. പി.സ്കൂളും, പത്ത് അംഗൻവാടികളും, നിരവധി വായനശാലകളുമുള്ള ഈ പഞ്ചായത്തിൽ ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് കുറേയേറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്.

വളരെ ചെറിയ വരുമാനം മാത്രമേ പഞ്ചായത്തിനുള്ളൂ. വീട്ടുകരം, ലൈസൻസുകൾ, മണൽ ലേലം തുടങ്ങിയവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ.

ജന പങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഈ പഞ്ചായത്തിൽ അതുമൂലം ഉണ്ടായിരിക്കുന്ന മാറ്റം വളരെ പ്രകടമാണ്.

പഞ്ചായത്ത് ഓഫീസിനു പുറമെ ഒരു വില്ലേജ് ഓഫീസും രണ്ട് മൃഗസംരക്ഷണ ഓഫീസുകളും ഒരു കൃഷി ഓഫീസും, സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖയും, ഒരു സർവ്വീസ് സഹകരണ ബേങ്കും പൊതുസ്ഥാപനങ്ങളായി ഈ പഞ്ചായത്തിലുണ്ട്. ഈ സ്ഥാപനങ്ങൾ ജനങ്ങളുടെ ആവശ്യത്തിന് ഉതകുന്ന വിധത്തിൽ തന്നെ പ്രവർത്തിക്കുന്നവയാണ്..

## മലപ്പട്ടം ഗ്രാമ പഞ്ചായത്ത് - ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| ജില്ലാപഞ്ചായത്ത് | - | കണ്ണൂർ |
| ബ്ലോക്ക് പഞ്ചായത്ത് | - | തളിപ്പറമ്പ് |
| താലൂക്ക് | - | തളിപ്പറമ്പ് |
| അസംബ്ലി മണ്ഡലം | - | തളിപ്പറമ്പ് |
| പാർലിമെന്റ് മണ്ഡലം | - | കാസർഗോഡ് |
| വില്ലേജ് | - | മലപ്പട്ടം |
| വിസ്തീർണ്ണം | - | 19.30 ച.കി.മി |

**ജനസംഖ്യ**

| | | |
|---|---|---|
| കണ്ണൂർ ജില്ല (2001) | - | 2408956 |
| മലപ്പട്ടം (2001) | - | 9653 |
| മലപ്പട്ടം (2007) | - | 9897 |
| പുരുഷൻ | - | 4839 |
| സ്ത്രീ | - | 5058 |
| പട്ടികജാതി | - | 414 |
| മറ്റുള്ളവർ | - | 9483 |
| വാർഡുകളുടെ എണ്ണം | - | 12 |
| ആകെ വീടുകൾ | - | 2184 |
| ആകെ കുടുംബങ്ങൾ | - | 2121 |
| ഹിന്ദു കുടുംബങ്ങൾ | - | 1720 |
| മുസ്ളീം കുടുംബങ്ങൾ | - | 382 |
| ക്രിസ്ത്യൻ കുടുംബങ്ങൾ | - | 19 |
| പട്ടികജാതി കുടുംബങ്ങൾ | - | 90 |
| പട്ടികവർഗ്ഗ കുടുംബങ്ങൾ | - | ഇല്ല |
| ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ | - | 721 |
| വൈദ്യുതീകരിക്കാത്ത വീടുകൾ | - | 364 |

| | | | |
|---|---|---|---|
| **വിദ്യാലയങ്ങൾ** | എൽ. പി | - | 4 |
| | യു.പി | - | 1 |
| | ഹൈസ്കൂൾ | - | 1 |
| | ഹയർസെക്കന്ററി | - | 1 |
| | നഴ്സറി | - | 1 |
| | അംഗൻവാടികൾ | - | 10 |

| | | |
|---|---|---|
| സാക്ഷരത | - | 93.21 |
| കമ്പ്യൂട്ടർ സാക്ഷരത | - | 24.95 |
| ജന സാന്ദ്രത (ച.കി.മീ.) | - | 513 |
| ആരോഗ്യ സ്ഥാപനങ്ങൾ | | |
| സർക്കാർ | - | 4 |
| സ്വകാര്യം | - | 1 |

| | | |
|---|---|---|
| മൃഗാശുപത്രികൾ/ ഉപകേന്ദ്രം | - | 2 |

| | | | |
|---|---|---|---|
| **ബാങ്ക്** | സഹകരണം | - | 1 |
| | ദേശസാൽകൃതം | - | 1 |

**പൊതുവിതരണം**

| | | |
|---|---|---|
| റേഷൻഷാപ്പ് | - | 3 |

| | | |
|---|---|---|
| വായനശാല | | |
| ഗ്രന്ഥശാല | | |
| സാംസകാരിക കേന്ദ്രം | - | 17 |

| | | |
|---|---|---|
| പാൽശേഖരണ യൂനിറ്റ് | - | 1 |
| കുടുംബശ്രീ യൂനിറ്റ് | - | 94 |
| സ്വയം സഹായംഘം | - | 51 |

| | | | |
|---|---|---|---|
| ***അതിരുകൾ*** | *വടക്ക്* | - | *ശ്രീകണ്ഠപുരം പഞ്ചായത്ത്, ചെങ്ങളായി പഞ്ചായത്ത്* |
| | *തെക്ക്* | - | *മയ്യിൽ പഞ്ചായത്ത്, കുറ്റ്യാട്ടൂർ പഞ്ചായത്ത്* |
| | *കിഴക്ക്* | - | *ഇരിക്കൂർ പഞ്ചായത്ത് , ശ്രീകണ്ഠപുരം പഞ്ചായത്ത്* |
| | *പടിഞ്ഞാറ്* | - | *ചെങ്ങളായി പഞ്ചായത്ത്* |


# സമഗ്ര വിവരശേഖരണ പരിപാടി – പരിശീലനം



ഉദ്ഘാടനം–ശ്രീ.കെ.കെ.നാരായണൻ(ബഹു. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്)




അദ്ധ്യക്ഷൻ – ശ്രീ.കെ.സി.അനിൽകുമാർ(ബഹു.മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്)



സ്വാഗതം – ശ്രീ.എൻ.രാമകൃഷ്ണൻ(ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, കണ്ണൂർ)





















# 1. ജനസംഖ്യ – വീട് – കുടുംബം

# ജനസംഖ്യ-വീട്-കുടുംബം

പഞ്ചായത്തിന്റെ ആകെ ജനസംഖ്യ 9897 ആണ്. ഇതിൽ 4839 പുരുഷന്മാരും 5058 സ്ത്രീകളും ആണ്. 1000 പുരുഷന്മാർക്ക് 1045 സ്ത്രീകൾ എന്നതാണ് പഞ്ചായത്തിലെ സ്ത്രീ പുരുഷ അനുപാതം. ജനസാന്ദ്രത ച.കി. മീറ്ററിന് 513 ആണ്. ഇത് ജില്ലാ ശരാശരിയേക്കാളും സംസ്ഥാന ശരാശരിയേക്കാളും വളരെ കുറവാണ്. 1981-ൽ ഇത് 377-ഉം 1991-ൽ 451-ഉം, 2001-ൽ 500-ഉം ആയിരുന്നു. (പട്ടിക 1.2).

ആകെ ജനസംഖ്യയിൽ 7587 പേർ ഹിന്ദുക്കളും, 2231 പേർ മുസ്ലീങ്ങളും, 79 പേർ ക്രിസ്ത്യാനികളും ആണ്. (പട്ടിക 1.3). 414 പേർ (4.18%) മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളത്. പട്ടികവർഗ വിഭാഗത്തിൽ പഞ്ചായത്തിൽ ആരും തന്നെയില്ല. ആകെ ജനസംഖ്യയിൽ 7382 പേരും വോട്ടർമാരാണ് (75%). (പട്ടിക 1.4, 1.5).

ജനസാന്ദ്രത ച.കി.മീറ്ററിന് 513 ആണെങ്കിലും വാർഡ് തലത്തിൽ പരിശോധിച്ചാൽ വലിയ വ്യത്യാസം അനുഭവപ്പെടുന്നുണ്ട്. ഏറ്റവും കുറഞ്ഞ ജനസാന്ദ്രത 7-ാം വാർഡിലാണ് 350. ഏറ്റവും കൂടിയത് 6-ാം വാർഡിലും 893. ഗതാഗത സൗകര്യം, ഭൂമിയുടെ കിടപ്പ് തുടങ്ങിയവ ജനസാന്ദ്രതയിലെ വൈവിദ്ധ്യത്തിന് കാരണങ്ങളാണ്. സ്ത്രീ പുരുഷ അനുപാതത്തിലും ഈ വ്യത്യാസം കാണാം. ഏറ്റവും കുറഞ്ഞ അനുപാതം 6-ാം വാർഡിലും ഏറ്റവും കൂടിയത് 9-ാം വാർഡിലുമാണ്. 6-ാം വാർഡിൽ 100 പുരുഷന്മാർക്ക് 91 സ്ത്രീകൾ മാത്രമുള്ളപ്പോൾ 9-ാം വാർഡിൽ 100 പുരുഷന്മാർക്ക് 125 സ്ത്രീകൾ എന്ന അനുപാതം നിലവിലുണ്ട്. (പട്ടിക 1.1).

## 1.1 ജനസാന്ദ്രതയും സ്ത്രീ, പുരുഷ അനുപാതവും

| വാർഡ് നമ്പർ | ആകെ ജനസംഖ്യ | | | സ്ത്രീ, പുരുഷ അനുപാതം (100-ന്) | സ്ത്രീ പുരുഷ അനുപാതം (1000-ന്) | വാർഡിന്റെ വിസ്തൃതി (ച.കി.മീ.) | ജനസാന്ദ്രത ച.കി.മീറ്ററിന് |
|---|---|---|---|---|---|---|---|
| | പുരുഷന്മാർ | സ്ത്രീകൾ | ആകെ | | | | |
| 1 | 429 | 423 | 852 | 99 | 986 | 2.28 | 374 |
| 2 | 506 | 534 | 1040 | 106 | 1055 | 1.73 | 601 |
| 3 | 263 | 268 | 531 | 102 | 1019 | 0.76 | 699 |
| 4 | 425 | 405 | 830 | 95 | 953 | 1.62 | 512 |
| 5 | 520 | 524 | 1044 | 101 | 1008 | 1.52 | 687 |
| 6 | 420 | 384 | 804 | 91 | 914 | 0.9 | 893 |
| 7 | 334 | 359 | 693 | 107 | 1075 | 1.98 | 350 |
| 8 | 441 | 464 | 905 | 105 | 1052 | 2.23 | 406 |
| 9 | 375 | 470 | 845 | 125 | 1253 | 2.14 | 395 |
| 10 | 351 | 418 | 769 | 119 | 1191 | 1.2 | 641 |
| 11 | 323 | 350 | 673 | 108 | 1084 | 1.37 | 491 |
| 12 | 452 | 459 | 911 | 102 | 1015 | 1.57 | 580 |
| ആകെ | 4839 | 5058 | 9897 | **105** | **1045** | **19.3** | **513** |


ജനന നിരക്ക് പഞ്ചായത്തിൽ വലിയ തോതിൽ കുറഞ്ഞു വരുന്നുണ്ട്.1991-ൽ ആറ് വയസ്സിൽ താഴെയുള്ള 1179 കുട്ടികൾ ഉണ്ടായിരുന്നുവെങ്കിൽ 2001-ൽ അത് 1113 ആയി കുറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ ആറ് വയസ്സിന് താഴെയുള്ള 933 കുട്ടികൾ മാത്രമേ പഞ്ചായത്തിലുള്ളൂ. (പട്ടിക 1.6). ഇത് ആകെ ജനസംഖ്യയുടെ 9.43% മാത്രമേ വരൂ. (പട്ടിക 1.7). 1991-ൽ ഇത് 13.5%-വും 2001-ൽ 11.5%-വും ആയിരുന്നു.

## 1.2 ജനസംഖ്യ

| | 1981 | | | 1991 | | | 2001 | | | 2007 |
|---|---|---|---|---|---|---|---|---|---|---|
| | കേരളം | കണ്ണൂർ | മലപ്പട്ടം | കേരളം | കണ്ണൂർ | മലപ്പട്ടം | കേരളം | കണ്ണൂർ | മലപ്പട്ടം | മലപ്പട്ടം |
| പുരുഷൻ | 12527767 | 1378578 | 3587 | 14288995 | 1098838 | 4266 | 15468614 | 1152817 | 4720 | 4839 |
| സ്ത്രീ | 12925913 | 1424889 | 3696 | 14809523 | 1152889 | 4442 | 16372760 | 1256139 | 4933 | 5058 |
| ആകെ | 25453680 | 2803467 | 7283 | 29098518 | 2251727 | 8708 | 31841374 | 2408956 | 9653 | 9897 |
| സ്ത്രീ-പുരുഷ അനുപാതം | 1032 | 1034 | 1030 | 1036 | 1049 | 1041 | 1058 | 1090 | 1045 | 1045 |
| ജനസാന്ദ്രത Sq.Km. | 655 | 565 | 377 | 749 | 759 | 451 | 819 | 812 | 500 | 513 |
| വിസ്തൃതി Sq.Km. | 38863 | 4958 | 19.30 | 38863 | *2966 | 19.30 | 38863 | 2966 | 19.30 | 19.30 |

*1984-ൽ കണ്ണൂർ ജില്ല വിഭജിച്ച് കാസറഗോഡ് ജില്ല രൂപീകരിച്ചു.

ആയിരത്തിൽ



**മലപ്പട്ടം പ്രതീക്ഷിക്കുന്ന ജനസംഖ്യ ***


| | സെൻസസ് 1981 | സെൻസസ് 1991 | സെൻസസ് 2001 | സർവ്വേ പ്രകാരം 2007 | പ്രതീക്ഷിക്കുന്ന ജനസംഖ്യ 2008 | 2009 | 2010 | 2011 |
|---|---|---|---|---|---|---|---|---|
| പുരുഷൻമാർ | 3587 | 4266 | 4720 | 4839 | 4961 | 5083 | 5206 | 5328 |
| സ്ത്രീകൾ | 3966 | 4442 | 4933 | 5058 | 5186 | 5315 | 5442 | 5571 |
| ആകെ | 7283 | 8708 | 9653 | 9897 | 10147 | 10398 | 10648 | 10899 |

* ജനന നിരക്കിലെ കുറവ് പരിഗണിച്ചിട്ടുണ്ട്

## 1.3 ജനസംഖ്യ (മതാടിസ്ഥാനത്തിൽ)

| വാർഡ് നമ്പർ | ഹിന്ദു | | | മുസ്ലീം | | | ക്രിസ്ത്യൻ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ |
| 1 | 370 | 369 | 739 | 45 | 42 | 87 | 14 | 12 | 26 | 429 | 423 | 852 |
| 2 | 327 | 361 | 688 | 173 | 157 | 330 | 6 | 16 | 22 | 506 | 534 | 1040 |
| 3 | 250 | 251 | 501 | 6 | 11 | 17 | 7 | 6 | 13 | 263 | 268 | 531 |
| 4 | 405 | 381 | 786 | 20 | 24 | 44 | 0 | 0 | 0 | 425 | 405 | 830 |
| 5 | 359 | 365 | 724 | 157 | 156 | 313 | 4 | 3 | 7 | 520 | 524 | 1044 |
| 6 | 309 | 287 | 596 | 111 | 97 | 208 | 0 | 0 | 0 | 420 | 384 | 804 |
| 7 | 304 | 319 | 623 | 30 | 40 | 70 | 0 | 0 | 0 | 334 | 359 | 693 |
| 8 | 307 | 299 | 606 | 133 | 163 | 296 | 1 | 2 | 3 | 441 | 464 | 905 |
| 9 | 240 | 270 | 510 | 135 | 200 | 335 | 0 | 0 | 0 | 375 | 470 | 845 |
| 10 | 304 | 356 | 660 | 43 | 60 | 103 | 4 | 2 | 6 | 351 | 418 | 769 |
| 11 | 242 | 242 | 484 | 80 | 107 | 187 | 1 | 1 | 2 | 323 | 350 | 673 |
| 12 | 321 | 349 | 670 | 131 | 110 | 241 | 0 | 0 | 0 | 452 | 459 | 911 |
| ആകെ | 3738 | 3849 | 7587 | 1064 | 1167 | 2231 | 37 | 42 | 79 | 4839 | 5058 | 9897 |

ജനസംഖ്യ
മതാടിസ്ഥാനത്തിൽ




## 1.4 ജനസംഖ്യ - പട്ടികജാതി, പട്ടികവർഗ്ഗം, മറ്റുള്ളവർ

| വാർഡ് നമ്പർ | പട്ടികജാതി | | | | പട്ടികവർഗ്ഗം | | | | മറ്റുള്ളവർ | | | | ആകെ | | | ആകെ വോട്ടർമാർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | ആകെ | % | പു | സ്ത്രീ | ആകെ | % | പു | സ്ത്രീ | ആകെ | % | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ |
| 1 | 72 | 65 | 137 | 16.08 | 0 | 0 | 0 | 0 | 357 | 358 | 715 | 83.92 | 429 | 423 | 852 | 317 | 327 | 644 |
| 2 | 28 | 26 | 54 | 5.19 | 0 | 0 | 0 | 0 | 478 | 508 | 986 | 94.81 | 506 | 534 | 1040 | 312 | 355 | 667 |
| 3 | 5 | 5 | 10 | 1.88 | 0 | 0 | 0 | 0 | 258 | 263 | 521 | 98.12 | 263 | 268 | 531 | 219 | 221 | 440 |
| 4 | 5 | 7 | 12 | 1.45 | 0 | 0 | 0 | 0 | 420 | 398 | 818 | 98.55 | 425 | 405 | 830 | 317 | 401 | 718 |
| 5 | 9 | 6 | 15 | 1.44 | 0 | 0 | 0 | 0 | 511 | 518 | 1029 | 98.56 | 520 | 524 | 1044 | 293 | 367 | 660 |
| 6 | 40 | 45 | 85 | 10.57 | 0 | 0 | 0 | 0 | 380 | 339 | 719 | 89.43 | 420 | 384 | 804 | 295 | 328 | 623 |
| 7 | 4 | 5 | 9 | 1.30 | 0 | 0 | 0 | 0 | 330 | 354 | 684 | 98.70 | 334 | 359 | 693 | 261 | 329 | 590 |
| 8 | 17 | 13 | 30 | 3.30 | 0 | 0 | 0 | 0 | 424 | 451 | 875 | 96.69 | 441 | 464 | 905 | 264 | 337 | 601 |
| 9 | 3 | 1 | 4 | 0.47 | 0 | 0 | 0 | 0 | 372 | 469 | 841 | 99.53 | 375 | 470 | 845 | 315 | 342 | 657 |
| 10 | 25 | 27 | 52 | 6.76 | 0 | 0 | 0 | 0 | 326 | 391 | 717 | 93.24 | 351 | 418 | 769 | 264 | 330 | 594 |
| 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 323 | 350 | 673 | 100.00 | 323 | 350 | 673 | 265 | 290 | 555 |
| 12 | 4 | 2 | 6 | 0.66 | 0 | 0 | 0 | 0 | 448 | 457 | 905 | 99.34 | 452 | 459 | 911 | 296 | 337 | 633 |
| ആകെ | 212 | 202 | 414 | 4.18 | 0 | 0 | 0 | 0 | 4627 | 4856 | 9483 | 95.82 | 4839 | 5058 | 9897 | 3418 | 3964 | 7382 |

## 1.5 ജനസംഖ്യ - പട്ടികജാതി/പട്ടികവർഗ്ഗം

| | 1981 | | | 1991 | | | 2001 | | | 2007 |
|---|---|---|---|---|---|---|---|---|---|---|
| | കേരളം | കണ്ണൂർ | മലപ്പട്ടം | കേരളം | കണ്ണൂർ | മലപ്പട്ടം | കേരളം | കണ്ണൂർ | മലപ്പട്ടം | മലപ്പട്ടം |
| പട്ടികജാതി | 2549382 | 143744 | 360 | 2886522 | 91223 | 408 | 3123941 | 98991 | 473 | 414 |
| പട്ടികവർഗ്ഗം | 261475 | 39704 | 0 | 320967 | 18243 | 0 | 364189 | 19969 | 1 | 0 |
| മറ്റുള്ളവർ | 22642823 | 2620019 | 6923 | 25891029 | 2142261 | 8300 | 28353244 | 2289996 | 9179 | 9483 |
| ആകെ | 25453680 | 2803467 | 7283 | 29098518 | 2251727 | 8708 | 31841374 | 2408956 | 9653 | 9897 |

പട്ടികജാതി - താരതമ്യ പഠനം




## 1.6 ജനസംഖ്യ വയസ്സ് (0 - 6)

| | 1991 | | | 2001 | | | 2007 | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| കേരളം | 1959527 | 1877373 | 3836900 | 1935027 | 1858119 | 3993146 | | | |
| കണ്ണൂർ | 151140 | 146466 | 297606 | 142625 | 137178 | 279803 | | | |
| മലപ്പട്ടം | 588 | 591 | 1179 | 559 | 554 | 1113 | 455 | 478 | 933 |

## 1.7 ജനസംഖ്യ വയസ്സ്

| വാർഡ് നമ്പർ | ആകെ ജനസംഖ്യ | 0-6 | | | | 7-14 | | | | 15-60 | | | | 60 വയസ്സിന് മുകളിൽ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | % | ആൺ | പെൺ | ആകെ | % | ആൺ | പെൺ | ആകെ | % | ആൺ | പെൺ | ആകെ | % |
| 1 | 852 | 33 | 38 | 71 | 8.33 | 58 | 54 | 112 | 13.19 | 298 | 277 | 575 | 67.73 | 40 | 54 | 94 | 11.07 |
| 2 | 1040 | 50 | 62 | 112 | 10.77 | 85 | 72 | 157 | 15.07 | 332 | 361 | 693 | 66.51 | 38 | 40 | 78 | 7.49 |
| 3 | 531 | 21 | 20 | 41 | 7.72 | 27 | 31 | 58 | 10.92 | 200 | 189 | 389 | 73.26 | 17 | 26 | 43 | 8.1 |
| 4 | 830 | 43 | 22 | 65 | 7.83 | 46 | 38 | 84 | 10.12 | 299 | 286 | 585 | 70.48 | 37 | 59 | 96 | 11.57 |
| 5 | 1044 | 43 | 59 | 102 | 9.77 | 70 | 75 | 145 | 13.88 | 359 | 331 | 690 | 66.03 | 48 | 59 | 107 | 10.24 |
| 6 | 804 | 47 | 39 | 86 | 10.7 | 59 | 36 | 95 | 11.82 | 281 | 270 | 551 | 68.53 | 33 | 39 | 72 | 8.96 |
| 7 | 693 | 30 | 44 | 74 | 10.68 | 41 | 34 | 75 | 10.82 | 224 | 240 | 464 | 66.96 | 39 | 41 | 80 | 11.54 |
| 8 | 905 | 49 | 53 | 102 | 11.27 | 63 | 53 | 116 | 12.82 | 287 | 306 | 593 | 65.52 | 42 | 52 | 94 | 10.39 |
| 9 | 845 | 36 | 41 | 77 | 9.11 | 60 | 73 | 133 | 15.74 | 247 | 314 | 561 | 66.39 | 32 | 42 | 74 | 8.76 |
| 10 | 769 | 21 | 35 | 56 | 7.28 | 43 | 56 | 99 | 12.87 | 251 | 286 | 537 | 69.83 | 35 | 42 | 77 | 10.01 |
| 11 | 673 | 29 | 27 | 56 | 8.32 | 38 | 45 | 83 | 12.33 | 228 | 229 | 457 | 67.9 | 28 | 49 | 77 | 11.44 |
| 12 | 911 | 53 | 38 | 91 | 9.99 | 67 | 58 | 125 | 13.72 | 289 | 308 | 597 | 65.53 | 43 | 55 | 98 | 10.76 |
| **ആകെ** | **9897** | **455** | **478** | **933** | **9.43** | **657** | **625** | **1282** | **12.95** | **3295** | **3397** | **6692** | **67.62** | **432** | **558** | **990** | **10** |

വയസ്സ് ഗ്രൂപ്പ് - ശതമാനത്തിൽ



ജനസാന്ദ്രത കൂടുന്നതോടൊപ്പം വീടുകളുടെ എണ്ണവും കുടുംബങ്ങളുടെ എണ്ണവും വർദ്ധിക്കുന്നുണ്ട്. 1981-ൽ 1175-ഉം 1991-ൽ 1502 കുടുംബങ്ങളും 2001-ൽ 1911 കുടുംബങ്ങളും ആണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് 2121 ആയി വർദ്ധിച്ചിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്നതും താമസയോഗ്യമല്ലാത്തതും ഉൾപ്പെടെ 2184 വീടുകൾ പഞ്ചായത്തിലുണ്ട്. (പട്ടിക 1.8, 1.9).

## 1.8 കുടുംബങ്ങൾ (എണ്ണം)

| | 1981 | 1991 | 2001 | 2007 |
|---|---|---|---|---|
| കേരളം | 4423277 | 5513200 | 6726356 | |
| കണ്ണൂർ | 441778 | 371221 | 457368 | |
| മലപ്പട്ടം | 1175 | 1502 | 1911 | 2121 |

## 1.9 വീടുകൾ (കുടുംബങ്ങൾ)

| വാർഡ് നമ്പർ | വീടുകൾ | കുടുംബങ്ങൾ | ഹിന്ദു | | | മുസ്ലീം | ക്രിസ്ത്യൻ | ആകെ |
|---|---|---|---|---|---|---|---|---|
| | | | എസ്.സി | എസ്.ടി | മറ്റുള്ളവർ | | | |
| 1 | 210 | 197 | 33 | 0 | 140 | 17 | 7 | 197 |
| 2 | 210 | 209 | 11 | 0 | 136 | 58 | 4 | 209 |
| 3 | 118 | 113 | 3 | 0 | 103 | 4 | 3 | 113 |
| 4 | 179 | 174 | 0 | 0 | 166 | 8 | 0 | 174 |
| 5 | 215 | 207 | 4 | 0 | 157 | 44 | 2 | 207 |
| 6 | 162 | 160 | 17 | 0 | 112 | 31 | 0 | 160 |
| 7 | 161 | 156 | 2 | 0 | 142 | 12 | 0 | 156 |
| 8 | 196 | 191 | 7 | 0 | 133 | 50 | 1 | 191 |
| 9 | 190 | 186 | 1 | 0 | 125 | 60 | 0 | 186 |
| 10 | 182 | 179 | 11 | 0 | 146 | 21 | 1 | 179 |
| 11 | 154 | 148 | 0 | 0 | 116 | 31 | 1 | 148 |
| 12 | 207 | 201 | 1 | 0 | 154 | 46 | 0 | 201 |
| ആകെ | **2184** | **2121** | **90** | **0** | **1630** | **382** | **19** | **2121** |

ആകെയുള്ള 2121 കുടുംബങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപെട്ട 90 കുടുംബങ്ങൾ ഉൾപ്പെടെ 1720 എണ്ണം ഹിന്ദു കുടുംബങ്ങളും 382 എണ്ണം മുസ്ലീം കുടുംബങ്ങളും 19 എണ്ണം ക്രിസ്ത്യൻ കുടുംബങ്ങളും ഇവിടെയുണ്ട്. (പട്ടിക 1.9). 36 മിശ്രവിവാഹ കുടുംബങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. (പട്ടിക 1.10).

## 1.10 കുടുംബങ്ങൾ (തരംതിരിച്ച്)

| വാർഡ് നമ്പർ | ആകെ കുടുംബങ്ങൾ | ഭാഷാ ന്യൂനപക്ഷം | മിശ്ര വിവാഹിതർ | മറ്റുള്ളവർ | സ്ഥിര താമസക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | 197 | 1 | 1 | 195 | 835 |
| 2 | 209 | 1 | 7 | 201 | 1022 |
| 3 | 113 | 1 | 3 | 109 | 523 |
| 4 | 174 | | | 174 | 779 |
| 5 | 207 | 1 | 1 | 205 | 1038 |
| 6 | 160 | | 2 | 158 | 775 |
| 7 | 156 | | 4 | 152 | 669 |
| 8 | 191 | 7 | 6 | 178 | 887 |
| 9 | 186 | | 2 | 184 | 803 |
| 10 | 179 | 1 | 5 | 173 | 753 |
| 11 | 148 | | 1 | 147 | 645 |
| 12 | 201 | 3 | 4 | 194 | 881 |
| ആകെ | **2121** | **15** | **36** | **2070** | **9610** |

**ആകെയുള്ള കുടുംബങ്ങളിൽ പല കാരണങ്ങളാൽ 163 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നിലവിലില്ല. പഴയ കണക്കനുസരിച്ച് 721 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. (പട്ടിക 1.11). ആകെയുള്ള കുടുംബങ്ങളിൽ 2051 കുടുംബങ്ങളും സ്വന്തം വീടുകളിൽ തന്നെയാണ് താമസിക്കുന്നത്. (പട്ടിക 1.12). ഇവരിൽ 276 കുടുംബങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരവും**

## 1.11 റേഷൻ കാർഡ് നിലവിലുള്ള കുടുംബങ്ങൾ

| വാർഡ് നമ്പർ | ആകെ കുടുംബങ്ങൾ | റേഷൻ കാർഡ് ഉള്ളവർ | | | റേഷൻ കാർഡ് ഇല്ലാത്തവർ |
|---|---|---|---|---|---|
| | | എ.പി.എൽ. | ബി.പി.എൽ. | ആകെ | |
| 1 | 197 | 125 | 62 | 187 | 10 |
| 2 | 209 | 103 | 75 | 178 | 31 |
| 3 | 113 | 66 | 36 | 102 | 11 |
| 4 | 174 | 93 | 76 | 169 | 5 |
| 5 | 207 | 126 | 75 | 201 | 6 |
| 6 | 160 | 100 | 52 | 152 | 8 |
| 7 | 156 | 100 | 40 | 140 | 16 |
| 8 | 191 | 99 | 55 | 154 | 37 |
| 9 | 186 | 132 | 47 | 179 | 7 |
| 10 | 179 | 104 | 70 | 174 | 5 |
| 11 | 148 | 70 | 62 | 132 | 16 |
| 12 | 201 | 119 | 71 | 190 | 11 |
| ആകെ | **2121** | **1237** | **721** | **1958** | **163** |

## 1.12 ഭവനസ്ഥിതി

| വാർഡ് നമ്പർ | ആകെ കുടുംബങ്ങൾ | ഭവന സ്ഥിതി | | | മറ്റുള്ളവ |
|---|---|---|---|---|---|
| | | സ്വന്തം | വാടക (സ്വന്തം വീടില്ല) | വാടക (സ്വന്തം വീടുണ്ട്) | |
| 1 | 197 | 189 | 4 | 2 | 2 |
| 2 | 209 | 205 | 1 | | 3 |
| 3 | 113 | 111 | 1 | | 1 |
| 4 | 174 | 173 | | | 1 |
| 5 | 207 | 199 | | | 8 |
| 6 | 160 | 157 | 1 | | 2 |
| 7 | 156 | 151 | 1 | | 4 |
| 8 | 191 | 174 | 5 | 8 | 4 |
| 9 | 186 | 183 | | 1 | 2 |
| 10 | 179 | 174 | 5 | | |
| 11 | 148 | 141 | 1 | 1 | 5 |
| 12 | 201 | 194 | 5 | | 2 |
| ആകെ | 2121 | 2051 | 24 | 12 | 34 |

മറ്റ് പദ്ധതികൾ പ്രകാരവും വീടിന് ധനസഹായം ലഭിച്ചവരാണ്. (പട്ടിക 1.13). താമസ യോഗ്യമായ 2121 വീടുകളിൽ 754 എണ്ണവും 20 വർഷത്തിന് മേൽ പഴക്കമുള്ളവയാണ്. 10 വർഷത്തിൽ താഴെ പഴക്കമുള്ള വീടുകളുടെ എണ്ണം 850 ആണ്. (പട്ടിക 1.14).ആകെ വീടുകളിൽ 2071 എണ്ണവും ഒറ്റ (Independent House)

## 1.13 വിവിധ പദ്ധതികൾ വഴി വീട് ലഭിച്ചവർ

| വാർഡ് നമ്പർ | ആശ്രയ | ഭവനനിർമ്മൽ | ഭവനശ്രീ | ബ്ലോക്ക് പഞ്ചായത്ത് | ഐ.എ.വൈ | ഐ.ആർ. ഡി.പി. | ജനകീയാസൂത്രണം | ജെ.ആർ.വൈ | മൈത്രി | പഞ്ചായത്ത് വീട് പദ്ധതി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | | | 2 | 7 | | | 9 | | | 19 | 7 | **44** |
| 2 | | 1 | 2 | 6 | | 1 | | | 2 | 7 | 5 | **24** |
| 3 | | | 4 | | | | | | 4 | | 2 | **10** |
| 4 | 1 | | 7 | 1 | | | 5 | | | | 1 | **15** |
| 5 | | | 10 | 2 | | | 3 | | 15 | 2 | 3 | **35** |
| 6 | 1 | | 2 | 2 | 1 | 5 | 3 | | 1 | 1 | 4 | **20** |
| 7 | 1 | | 3 | | | | 8 | | 4 | 1 | 3 | **20** |
| 8 | | 1 | 2 | 4 | | | 1 | | 2 | 7 | 8 | **25** |
| 9 | | | 2 | 1 | | | 6 | 3 | 1 | 2 | 1 | **16** |
| 10 | | 3 | 3 | 3 | 1 | | 13 | | 1 | 2 | 2 | **28** |
| 11 | | 1 | 1 | | | | | | 5 | 4 | 1 | **12** |
| 12 | | | 4 | 2 | | | 10 | | 4 | 5 | 2 | **27** |
| ആകെ | **3** | **6** | **42** | **28** | **2** | **6** | **58** | **3** | **39** | **50** | **39** | **276** |

## 1.14 വീടിന്റെ കാലപ്പഴക്കം (വർഷത്തിൽ)

| വാർഡ് നമ്പർ | താമസമുള്ള വീടുകൾ | വീടിൻെറ കാലപ്പഴക്കം (വർഷത്തിൽ) | | | | |
|---|---|---|---|---|---|---|
| | | 1 വർഷത്തിൽ താഴെ | 1-5 | 5 - 10 | 10 - 20 | 20 വർഷത്തിന് മുകളിൽ |
| 1 | 197 | 2 | 46 | 30 | 48 | 71 |
| 2 | 209 | 2 | 50 | 32 | 42 | 83 |
| 3 | 113 | | 19 | 26 | 32 | 36 |
| 4 | 174 | 2 | 43 | 27 | 38 | 64 |
| 5 | 207 | | 46 | 38 | 49 | 74 |
| 6 | 160 | | 32 | 23 | 37 | 68 |
| 7 | 156 | | 29 | 29 | 35 | 63 |
| 8 | 191 | 1 | 33 | 42 | 50 | 65 |
| 9 | 186 | 1 | 47 | 31 | 47 | 60 |
| 10 | 179 | 6 | 29 | 31 | 50 | 63 |
| 11 | 148 | 3 | 30 | 30 | 35 | 50 |
| 12 | 201 | 5 | 38 | 47 | 54 | 57 |
| ആകെ | 2121 | 22 | 442 | 386 | 517 | 754 |

വീടുകളാണ്. ഫ്ലാറ്റ്, ക്വാർട്ടേഴ്സ്, ലൈൻമുറികൾ, ഇരട്ട വീടുകൾ എന്നിവ താരതമ്യേന കുറവാണ്. (പട്ടിക 1.15). ആകെയുള്ള വീടുകളിൽ 25 വീടുകൾ ഓല/പുല്ല് മേഞ്ഞവയും, മറ്റ് വീടുകൾ ഓട്/കോൺക്രീറ്റ് തുടങ്ങിയവയുമാണ്. (പട്ടിക 1.16). ഭൂരിപക്ഷം വീടുകളുടെയും തറ സിമന്റ്/കാവി ആണ്. മണ്ണ്/ചാണകം മെഴുകിയ 576 വീടുകളും മൊസൈക്ക്, മാർബിൾ തുടങ്ങിയവ പാകിയ 199 വീടുകളും പഞ്ചായത്തിലുണ്ട്. (പട്ടിക 1.17). ഭൂരിപക്ഷം വീടുകളും ഇടത്തരം വീടുകളാണ്. 35 ച.മീറ്റർ മുതൽ

## 1.15 വീടിന്റെ തരം

| വാർഡ് നമ്പർ | താമസമുള്ള വീടുകൾ | വീടിൻെറ തരം | | |
|---|---|---|---|---|
| | | ഒറ്റവീട് | ക്വാട്ടേർസ് | മറ്റുള്ളവ |
| 1 | 197 | 196 | 1 | |
| 2 | 209 | 203 | 4 | 2 |
| 3 | 113 | 111 | 2 | |
| 4 | 174 | 164 | 8 | 2 |
| 5 | 207 | 202 | 1 | 4 |
| 6 | 160 | 158 | 2 | |
| 7 | 156 | 155 | | 1 |
| 8 | 191 | 181 | 4 | 6 |
| 9 | 186 | 185 | | 1 |
| 10 | 179 | 175 | | 4 |
| 11 | 148 | 146 | 1 | 1 |
| 12 | 201 | 195 | 4 | 2 |
| ആകെ | 2121 | 2071 | 27 | 23 |

## 1.16 വീടിന്റെ മേൽക്കൂര

| വാർഡ് നമ്പർ | താമസമുള്ള വീടുകൾ | വീടിൻെറ മേൽക്കൂര | | | |
|---|---|---|---|---|---|
| | | ഓല/പുല്ല് | ഓട് | കോൺക്രീറ്റ് | മറ്റുള്ളവ |
| 1 | 197 | 3 | 131 | 63 | |
| 2 | 209 | 1 | 141 | 66 | 1 |
| 3 | 113 | 1 | 75 | 35 | 2 |
| 4 | 174 | 7 | 132 | 35 | |
| 5 | 207 | 3 | 127 | 76 | 1 |
| 6 | 160 | 2 | 110 | 48 | |
| 7 | 156 | | 115 | 40 | 1 |
| 8 | 191 | 2 | 116 | 73 | |
| 9 | 186 | 2 | 90 | 93 | 1 |
| 10 | 179 | 2 | 119 | 56 | 2 |
| 11 | 148 | | 109 | 37 | 2 |
| 12 | 201 | 2 | 135 | 64 | |
| ആകെ | 2121 | 25 | 1400 | 686 | 10 |

## 1.17 തറയുടെ തരം

| വാർഡ് നമ്പർ | താമസമുള്ള വീടുകൾ | തറയുടെ തരം | | | |
|---|---|---|---|---|---|
| | | മണ്ണ് / ചാണകം | സിമൻറ് / കാവി | മൊസൈക്ക് / ടൈൽസ് | മാർബിൾ / ഗ്രാനൈറ്റ് |
| 1 | 197 | 56 | 119 | 22 | |
| 2 | 209 | 55 | 133 | 21 | |
| 3 | 113 | 24 | 82 | 7 | |
| 4 | 174 | 67 | 100 | 6 | 1 |
| 5 | 207 | 62 | 128 | 17 | |
| 6 | 160 | 38 | 101 | 19 | 2 |
| 7 | 156 | 45 | 109 | 1 | 1 |
| 8 | 191 | 52 | 123 | 15 | 1 |
| 9 | 186 | 40 | 117 | 17 | 12 |
| 10 | 179 | 51 | 108 | 11 | 9 |
| 11 | 148 | 43 | 92 | 6 | 7 |
| 12 | 201 | 43 | 134 | 15 | 9 |
| ആകെ | 2121 | 576 | 1346 | 157 | 42 |

75 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള 225 വീടുകളും 75 മുതൽ 125 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള 1319 വീടുകളും ആണുള്ളത്. 35 ച.മീറ്ററിൽ താഴെ മാത്രം വലിപ്പമുള്ള 41 വീടുകളും 125 ച.മീറ്ററിൽ കൂടുതൽ വലിപ്പമുള്ള 536 വീടുകളും ഇവിടെ ഉണ്ട്. (പട്ടിക 1.18). പ്രായപൂർത്തിയായ പുരുഷന്മാരിൽ 848 പേരും സ്ത്രീകളിൽ 557 പേരും അവിവാഹിതരാണ്. 516 പേർ വിധവകളും 58 പേർ വിവാഹ ബന്ധം വേർപെടുത്തിയവരുമാണ്. (പട്ടിക 1.19, 1.20). ഗ്രൈന്റർ ഉപയോഗിക്കുന്ന 109 വീടുകളും വാഷിംഗ് മെഷീൻ ഉപയോഗിക്കുന്ന 65 വീടുകളും ഈ പഞ്ചായത്തിലുണ്ട്. 1250 മിക്സികളുള്ള ഇവിടെ 6 എയർ കണ്ടീഷണറുകൾക്കൂടി ഉണ്ട്. (പട്ടിക 1.23)

## 1.18 തറ വിസ്തീർണ്ണം

| വാർഡ് നമ്പർ | താമസമുള്ള വീടുകൾ | തറ വിസ്തീർണ്ണം | | | |
|---|---|---|---|---|---|
| | | 35 ചതുരശ്ര മീറ്ററിൽ താഴെ | 35 ചതുരശ്ര മീ റ്റർ മുതൽ 75 ചതുരശ്ര മീറ്റർ വരെ | 75 ചതുരശ്ര മീറ്റർ മുതൽ 125 ചതുരശ്ര മീറ്റർ വരെ | 125 ചതുരശ്ര മീറ്ററിന് മുകളിൽ |
| 1 | 197 | 4 | 24 | 102 | 67 |
| 2 | 209 | 4 | 30 | 128 | 47 |
| 3 | 113 | 12 | 27 | 68 | 6 |
| 4 | 174 | 2 | 32 | 110 | 30 |
| 5 | 207 | 1 | 36 | 111 | 59 |
| 6 | 160 | | 9 | 106 | 45 |
| 7 | 156 | 5 | 14 | 98 | 39 |
| 8 | 191 | 2 | 7 | 137 | 45 |
| 9 | 186 | 2 | 6 | 123 | 55 |
| 10 | 179 | 1 | 25 | 110 | 43 |
| 11 | 148 | | 9 | 107 | 32 |
| 12 | 201 | 8 | 6 | 119 | 68 |
| ആകെ | 2121 | 41 | 225 | 1319 | 536 |

## 1.19 വൈവാഹിക നില (പുരുഷന്മാർ)

| വാർഡ് നമ്പർ | ആകെ | വൈവാഹിക നില (പുരുഷൻമാർ) | | | | |
|---|---|---|---|---|---|---|
| | | വിവാഹിതർ | അവിവാഹിതർ | വിഭാര്യൻ | ബന്ധം വേർപ്പെടുത്തിയവർ | മറ്റുള്ളവർ |
| 1 | 285 | 194 | 89 | 1 | 1 | |
| 2 | 301 | 222 | 71 | 4 | | 4 |
| 3 | 187 | 130 | 55 | 2 | | |
| 4 | 296 | 195 | 98 | 2 | 1 | |
| 5 | 341 | 248 | 86 | 4 | | 3 |
| 6 | 268 | 177 | 88 | 2 | 1 | |
| 7 | 235 | 165 | 66 | 4 | | |
| 8 | 283 | 218 | 59 | 3 | | 3 |
| 9 | 235 | 181 | 52 | 2 | | |
| 10 | 249 | 179 | 66 | 4 | | |
| 11 | 222 | 156 | 59 | 1 | | 6 |
| 12 | 290 | 226 | 59 | 5 | | |
| ആകെ | 3192 | 2291 | 848 | 34 | 3 | 16 |

## 1.20 വൈവാഹിക നില (സ്ത്രീ)

| വാർഡ് നമ്പർ | ആകെ | വൈവാഹിക നില (സ്ത്രീകൾ) | | | | |
|---|---|---|---|---|---|---|
| | | വിവാഹിതർ | അവിവാഹിതർ | വിധവ | ബന്ധം വേർപ്പെടുത്തിയവർ | മറ്റുള്ളവർ |
| 1 | 312 | 215 | 42 | 50 | 3 | 2 |
| 2 | 381 | 268 | 51 | 47 | 8 | 7 |
| 3 | 210 | 145 | 41 | 21 | | 3 |
| 4 | 318 | 192 | 61 | 54 | 6 | 5 |
| 5 | 372 | 280 | 47 | 36 | 2 | 7 |
| 6 | 291 | 198 | 47 | 37 | 7 | 2 |
| 7 | 264 | 175 | 48 | 39 | 2 | |
| 8 | 339 | 242 | 38 | 48 | 4 | 7 |
| 9 | 329 | 233 | 53 | 38 | 5 | |
| 10 | 306 | 189 | 61 | 50 | 6 | |
| 11 | 264 | 177 | 28 | 49 | 6 | 4 |
| 12 | 343 | 245 | 40 | 47 | 6 | 5 |
| ആകെ | 3729 | 2559 | 557 | 516 | 55 | 42 |

# 1.21 ഭൂവിസ്തൃതിയും ജനസംഖ്യാനുബന്ധ വിവരങ്ങളും (2001 സെൻസസ്)


| | യൂണിറ്റ് | ഇന്ത്യ | | കേരളം | | പങ്കാളിത്ത ശതമാനം |
|---|---|---|---|---|---|---|
| ഭൂവിസ്തൃതി | ച.കി.മീ | | 3166285 | | 38863 | 1.2 |
| ജനസംഖ്യ | ലക്ഷം | | 10286.1 | | 318.4 | 3.1 |
| പുരുഷന്മാർ | ലക്ഷം | | 5321.6 | | 154.7 | 2.9 |
| സ്ത്രീ | ലക്ഷം | | 4964.5 | | 163.7 | 3.3 |
| റൂറൽ | ലക്ഷം | | 7424.9 | | 235.7 | 3.2 |
| അർബൻ | ലക്ഷം | | 2861.2 | | 82.7 | 2.9 |
| പട്ടികജാതി | ലക്ഷം | | 1666.4 | | 31.2 | 1.9 |
| പട്ടികവർഗ്ഗം | ലക്ഷം | | 843.3 | | 3.6 | 0.4 |
| സ്ത്രീ പുരുഷ അനുപാതം | 1000 പുരുഷന്മാർക്ക് | | 933 | | 1058 | -- |
| ജനസാന്ദ്രത | 1 ച.കി.മീറ്ററിന് | | 324 | | 819 | -- |
| സാക്ഷരത | ശതമാനം | | 64.8 | | 90.9 | -- |
| തൊഴിൽ പങ്കാളിത്ത നിരക്ക് | ശതമാനം | | 39.1 | | 32.3 | -- |
| ദശവാർഷിക വളർച്ചാ നിരക്ക് (1991-2001) | ശതമാനം | | 21.34 | | 9.43 | -- |
| ശരാശരി വാർഷിക വളർച്ചാ നിരക്ക് | ശതമാനം | | 2.13 | | 0.94 | -- |
| | | 2000 | 2001 | 2000 | 2001 | |
| ജനന നിരക്ക് | 1000-ത്തിന് | 25.4 | 25.0 | 17.2 | 16.9 | |
| മരണ നിരക്ക് | 1000-ത്തിന് | 8.4 | 8.1 | 6.6 | 6.4 | |
| ശിശുമരണ നിരക്ക് | 1000-ത്തിന് | 66 | 63 | 11 | 10 | |

# 1.22 ഭൂവിസ്തൃതിയും ജനസംഖ്യാനുബന്ധ വിവരങ്ങളും (2001 സെൻസസ്)

| | യൂണിറ്റ് | കണ്ണൂർ | മലപ്പട്ടം |
|---|---|---|---|
| ഭൂവിസ്തൃതി | ച.കി.മീ. | 2966 | 19.3 |
| ജനസംഖ്യ | എണ്ണം | 2408956 | 9653 |
| പുരുഷൻ | എണ്ണം | 1152817 | 4720 |
| സ്ത്രീ | എണ്ണം | 1256139 | 4933 |
| പട്ടികജാതി | എണ്ണം | 98991 | 473 |
| പട്ടികവർഗ്ഗം | എണ്ണം | 19969 | 1 |
